**മധുരമായ കുട്ടികളേ - നിങ്ങൾ വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നതിന് നിമിത്തമായ വരാണ്, അതിനാൽ നിങ്ങൾ ഒരിക്കലും അശാന്തരാകരുത്.**

**ചോദ്യം -** ബാബ ഏത് കുട്ടികളെയാണ് ആജ്ഞാകാരീ കുട്ടികളെന്ന് പറയുന്നത്?
**ഉത്തരം -** ബാബയുടെ മുഖ്യമായ ആജ്ഞയാണ് കുട്ടികളേ, അമൃതവേളയിൽ(അതിരാവിലെ) എഴുന്നേറ്റ് ബാബയെ ഓർമ്മിക്കൂ, ആരാണോ ഈ മുഖ്യമായ ആജ്ഞയെ പാലിക്കുന്നത്, അതിരാവിലെ കുളിച്ച് ശുദ്ധമായി നിശ്ചിതസമയത്ത് ഓർമ്മയുടെ യാത്രയിലിരിക്കുന്നത്, ബാബ അവരെ സൽപുത്രർ അഥവാ ആജ്ഞയനുസരിക്കുന്നവർ എന്ന് പറയുന്നു, അവരേ പോയി രാജാവാകൂ. കുപുത്രരാണെങ്കിൽ തൂപ്പു ജോലി ചെയ്യും.

**ഓം ശാന്തി.** ഇതിന്റെ അർത്ഥം കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഓം അർത്ഥം ഞാൻ ആത്മാവാണ്. ജീവാത്മാവാണ് എന്ന് എല്ലാവരും പറയുന്നു, തീർച്ചയായും എല്ലാ ആത്മാക്കളുടെയും അച്ഛൻ ഒന്നാണ്. ശരീരങ്ങളുടെ അച്ഛൻ വേറെ-വേറെയാണ്. ഇതും കുട്ടികളുടെ ബുദ്ധിയിലുണ്ട്, പരിധിയുള്ള അച്ഛനിൽ നിന്ന് പരിധിയുള്ളതും പരിധിയില്ലാത്ത അച്ഛനിൽ നിന്ന് പരിധിയില്ലാത്തതുമായ സമ്പത്ത് ലഭിക്കുന്നു. വിശ്വത്തിൽ ശാന്തി വേണമെന്ന് ഈ സമയം മനുഷ്യർ ആഗ്രഹിക്കുകയാണ്. അഥവാ ചിത്രത്തിലൂടെ മനസ്സിലാക്കിക്കൊടുക്കുകയാണെങ്കിൽ ശാന്തിക്ക് വേണ്ടി കലിയുഗത്തിന്റെ അവസാനവും സത്യയുഗത്തിന്റെ ആദിയിലെ സംഗമ സമയത്തിലേക്ക് കൂട്ടിക്കൊണ്ട് വരണം. ഈ സത്യയുഗം പുതിയ ലോകമാണ്, ഇതിൽ ഒരു ധർമ്മമായതുകൊണ്ട് പവിത്രതയും ശാന്തിയും സുഖവുമുണ്ട്. അതിനെ പറയുന്നത് തന്നെ സ്വർഗ്ഗമെന്നാണ്. ഇതാണെങ്കിൽ എല്ലാവരും അംഗീകരിക്കും. പുതിയ ലോകത്തിൽ സുഖമാണ്, ദു:ഖമുണ്ടാകില്ല. ആർക്കും മനസ്സിലാക്കിക്കൊടുക്കുക വളരെ സഹജമാണ്. ശാന്തിയുടെയും അശാന്തിയുടെയും കാര്യം ഇവിടെ വിശ്വത്തിൽ തന്നെയാണുണ്ടാവുന്നത്. എവിടെയാണോ ശാന്തി-അശാന്തിയുടെ പ്രശ്നമേ ഉദിക്കാത്തത്, അത് തന്നെയാണ് നിർവ്വാണധാമം. കുട്ടികൾ എപ്പോൾ പ്രഭാഷണം ചെയ്യുകയാണെങ്കിലും ആദ്യമാദ്യം വിശ്വത്തിലെ ശാന്തിയുടെ കാര്യം തന്നെ എടുക്കണം. മനുഷ്യർ ശാന്തിക്ക് വേണ്ടി വളരെയധികം ബുദ്ധിമുട്ടുന്നു, അവർക്ക് സമ്മാനവും ലഭിച്ചുകൊണ്ടിരിക്കുന്നു. വാസ്തവത്തിൽ ഇതിൽ പ്രയത്നിക്കേണ്ടതിന്റെ കാര്യം തന്നെയില്ല. ബാബ പറയുന്നു കേവലം തന്റെ സ്വധർമ്മത്തിൽ സ്ഥിതി ചെയ്യുകയാണെങ്കിൽ വികർമ്മം വിനാശമാകും. സ്വധർമ്മത്തിൽ സ്ഥിതി ചെയ്യുകയാണെങ്കിൽ ശാന്തിയുണ്ടാകും. നിങ്ങൾ തന്നെയാണ് സദാ ശാന്തനായ ബാബയുടെ കുട്ടികൾ. ഈ സമ്പത്ത് ബാബയിൽ നിന്നാണ് ലഭിക്കുന്നത്. അതിനെ ആരും മോക്ഷമെന്ന് പറയില്ല. മോക്ഷമാണെങ്കിൽ ഭഗവാനു പോലും ലഭിക്കുക സാദ്ധ്യമല്ല. ഭഗവാനു പോലും തീർച്ചയായും പാർട്ടിൽ വരണം. പറയുന്നു, കൽപ-കൽപം കൽപത്തിന്റെ സംഗമയുഗത്തിൽ ഞാൻ വരുന്നു. അതിനാൽ ഭഗവാനു പോലും മോക്ഷമില്ലായെങ്കിൽ പിന്നെ കുട്ടികൾക്കെങ്ങനെ മോക്ഷം നേടാൻ സാധിക്കും. ഈ കാര്യങ്ങൾ മുഴുവൻ ദിവസവും വിചാര സാഗര മഥനം ചെയ്യേണ്ടതാണ്. ബാബയാണെങ്കിൽ നിങ്ങൾ കുട്ടികൾക്ക് തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള പ്രാക്ടീസ് കൂടുതലാണ്. ശിവബാബ മനസ്സിലാക്കിത്തരികയാണ് അതിനാൽ നിങ്ങൾ എല്ലാ ബ്രാഹ്മണരും തന്നെയാണ് മനസ്സിലാക്കുന്നത്. വിചാര സാഗര മഥനം നിങ്ങൾക്കാണ് ചെയ്യേണ്ടത്. നിങ്ങൾ കുട്ടികളാണ് സേവനം ചെയ്യുന്നത്. നിങ്ങൾക്കാണെങ്കിൽ വളരെയധികം മനസ്സിലാക്കിക്കൊടുക്കേണ്ടതുണ്ട്. രാവും പകലും സേവനത്തിലിരിക്കുന്നു. മ്യൂസിയത്തിൽ ദിവസം മുഴുവൻ വന്നുകൊണ്ടേയിരിക്കും. ചിലയിടത്ത് രാത്രി 10- 11 മണി വരെയും വരുന്നു. ചിലയിടത്ത് അതിരാവിലെ 4 മണിക്ക് തന്നെ സേവനം ചെയ്യേണ്ടതായി വരുന്നു. ഇവിടെയാണെങ്കിൽ വീടാണ്, എപ്പോൾ ആഗ്രഹിക്കുന്നുവോ അപ്പോൾ ഇരിക്കാൻ സാധിക്കുന്നു. സെന്ററുകളിലാണെങ്കിൽ ദൂരെ-ദൂരെ നിന്ന് വരുന്നു അതിനാൽ സമയം പ്രത്യേകമായി മാറ്റിവെക്കേണ്ടി വരുന്നു. ഇവിടെയാണെങ്കിൽ ഏത് സമയത്തും കുട്ടികൾക്ക് എഴുന്നേൽക്കാൻ കഴിയുന്നു. പക്ഷെ എഴുന്നേൽക്കുകയും ഉറക്കം തൂങ്ങുകയും ചെയ്യുന്ന കുട്ടികൾ ഇങ്ങനെയുള്ള സമയത്ത് പഠിക്കരുത്, അതുകൊണ്ട് അതിരാവിലത്തെ സമയം വെച്ചിരിക്കുന്നു. ആരാണോ കുളിയെല്ലാം കഴിഞ്ഞ് ഫ്രഷാകും, എന്നിട്ടും സമയത്തിന് വരുന്നില്ല എങ്കിൽ അവരെ ആജ്ഞാകാരീ കുട്ടികളെന്ന് പറയാൻ സാധിക്കില്ല. ലൗകിക അച്ഛനും സൽപുത്രരും കുപുത്രരും ഉണ്ടാകുമല്ലോ. പരിധിയില്ലാത്ത അച്ഛനും ഉണ്ടാകുന്നു. സൽപുത്രർ പോയി രാജാവാകും, കുപുത്രർ പോയി ചൂല് എടുക്കും. എല്ലാവർക്കും അറിയാമല്ലോ.

കൃഷ്ണ ജന്മാഷ്ടമിയെക്കുറിച്ചും മനസ്സിലാക്കിത്തന്നിട്ടുണ്ട്. കൃഷ്ണന്റെ ജന്മം നടക്കുമ്പോൾ സ്വർഗ്ഗമായിരിക്കും. ഒരു രാജ്യം മാത്രമേ ഉണ്ടാകൂ. വിശ്വത്തിൽ ശാന്തിയുണ്ടാകുന്നു. സ്വർഗ്ഗത്തിൽ വളരെക്കു

റച്ച് മനുഷ്യരെ ഉണ്ടായിരിക്കൂ. അത് തന്നെയാണ് പുതിയ ലോകം. അവിടെ അശാന്തിയുണ്ടാവുക സാധ്യമല്ല. ശാന്തി അപ്പോഴാണ്, എപ്പോഴാണോ ബാബ സ്ഥാപിക്കുന്ന ഒരു ധർമ്മമുണ്ടാകുന്നത്. അതിന് ശേഷം എപ്പോൾ മറ്റു ധർമ്മങ്ങൾ വരുന്നോ അപ്പോൾ അശാന്തിയുണ്ടാകുന്നു. അവിടെത്തന്നെയാണല്ലോ ശാന്തി, 16 കലാ സമ്പൂർണ്ണം. ചന്ദ്രനും എപ്പോഴാണോ സമ്പൂർണ്ണമാകുന്നത് അപ്പോൾ എത്ര ശോഭയാണ്, അതിനെ പൂർണ്ണചന്ദ്രൻ എന്ന് പറയുന്നു. ത്രേതായിൽ 3/4 എന്ന് പറയും, ഖണ്ഡിതമായില്ലേ. രണ്ട് കല കുറഞ്ഞു. സമ്പൂർണ്ണ ശാന്തി സത്യയുഗത്തിലാണുണ്ടാവുന്നത്. 25 ശതമാനം പഴയ സൃഷ്ടിയാകുമ്പോൾ എന്തെങ്കിലുമൊക്കെ പ്രശ്നമുണ്ടാകും. രണ്ട് കല കുറയുന്നതിലൂടെ ശോഭയും കുറയും. സ്വർഗ്ഗത്തിൽ തികച്ചും ശാന്തിയും, നരകത്തിൽ തികച്ചും അശാന്തിയുമാണ്. ഈ സമയമാണ് മനുഷ്യർ വിശ്വത്തിൽ ശാന്തി ആഗ്രഹിക്കുന്നത്, ഇതിന് മുമ്പ് വിശ്വത്തിൽ ശാന്തി വേണം എന്ന ശബ്ദമുണ്ടായിരുന്നില്ല. ഇപ്പോൾ ശബ്ദം പുറത്തു വരുന്നു എന്തുകൊണ്ടെന്നാൽ ഇപ്പോൾ വിശ്വത്തിൽ ശാന്തി ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിശ്വത്തിൽ ശാന്തിയുണ്ടാകണമെന്ന് ആത്മാവ് ആഗ്രഹിക്കുകയാണ്. മനുഷ്യരാണെങ്കിൽ ദേഹാഭിമാനത്തിൽ വന്നത് കാരണം കേവലം പറഞ്ഞുകൊണ്ടിരിക്കുകയാണ് - വിശ്വത്തിൽ ശാന്തി വേണം. ഇപ്പോൾ 84 ജന്മം പൂർത്തിയായിരിക്കുന്നു. ഇത് ബാബ തന്നെയാണ് വന്ന് മനസ്സിലാക്കിത്തരുന്നത്. ബാബയെത്തന്നെയാണ് ഓർമ്മിക്കുന്നത്. ബാബ ഇടക്ക് ഏതെങ്കിലും രൂപത്തിൽ വന്ന് സ്വർഗ്ഗം സ്ഥാപിക്കും, ബാബയുടെ പേര് തന്നെയാണ് ഹെവൻലി ഗോഡ് ഫാദർ.സ്വർഗ്ഗം എങ്ങനെയാണ് രചിക്കുന്നത് എന്ന് ആർക്കും തന്നെ അറിയുകയില്ല ശ്രീകൃഷ്ണനാണെങ്കിൽ രചിക്കാൻ സാധിക്കില്ല. കൃഷ്ണനെ ദേവതയെന്ന് പറയുന്നു. മനുഷ്യർ ദേവതമാരെ നമിക്കുന്നു. അവരിൽ ദൈവീക ഗുണമുള്ളതുകൊണ്ടാണ് ദേവതയെന്ന് പറയുന്നത്. നല്ല ഗുണമുള്ളവരെ ഇവർ ദേവതയെപ്പോലെയാണ് എന്ന് പറയുമല്ലോ. വഴക്കും വക്കാണവും നടത്തുന്നവരെ അസുരനെപ്പോലെയാണെന്ന് പറയും. കുട്ടികൾക്കറിയാം നമ്മൾ പരിധിയില്ലാത്ത ബാബയുടെ മുന്നിൽ ഇരിക്കുകയാണ്. അതിനാൽ കുട്ടികളുടെ പെരുമാറ്റം വളരെ നല്ലതായിരിക്കണം. അജ്ഞാനകാലത്തുപോലും ബാബ 6-7 കുടുംബങ്ങൾ ഒരുമിച്ചിരിക്കുന്നത് കണ്ടിട്ടുണ്ട്, തികച്ചും ക്ഷീരഖണ്ഡമായി പെരുമാറുന്നു. ചിലയിടത്താണെങ്കിൽ വീട്ടിൽ കേവലം രണ്ട് പേരാണെങ്കിൽ പോലും വഴക്കിട്ടുകൊണ്ടിരിക്കും. അപ്പോൾ നിങ്ങൾ ഈശ്വരീയ സന്താനമാണ്. വളരെ വളരെ ക്ഷീരഖണ്ഠമായിരിക്കണം. സത്യയുഗത്തിൽ ക്ഷീരഖണ്ഠമായിരുന്നു, ഇവിടെ നിങ്ങൾ പാലുപോലെയുള്ളവരാകാൻ പഠിക്കുമ്പോൾ വളരെ സ്നേഹത്തോടുകൂടിയിരിക്കണം. ബാബ പറയുന്നു ഉള്ളിൽ പരിശോധിക്കൂ നമ്മൾ ഒരു വികർമ്മവും ചെയ്തില്ലല്ലോ? ആർക്കും ദുഖം കൊടുത്തിട്ടില്ലല്ലോ? ഇങ്ങനെ ആരും ഇരുന്ന് സ്വയം പരിശോധിക്കുന്നില്ല. ഇത് വളരെ മനസ്സിലാക്കേണ്ട കാര്യമാണ്. നിങ്ങൾ കുട്ടികൾ വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നവരാണ്. അഥവാ വീട്ടിൽ തന്നെ അശാന്തി ഉണ്ടാക്കുന്നവരാണെങ്കിൽ പിന്നെ ശാന്തിയെങ്ങനെ സ്ഥാപിക്കും. ലൗകിക അച്ഛന്റെ കുട്ടി പ്രശ്നമുണ്ടാക്കിയെങ്കിൽ ഇവൻ മരിക്കുന്നതാണ് ഭേദം എന്ന് പറയും. ഏതെങ്കിലും ചീത്തശീലത്തിൽ പെടുകയാണെങ്കിൽ അത് പക്കായാവുന്നു. ഇത് മനസ്സിലാക്കുന്നില്ല, നമ്മൾ പരിധിയില്ലാത്ത ബാബയുടെ കുട്ടികളാണ്, നമുക്ക് വിശ്വത്തിൽ ശാന്തി സ്ഥാപിക്കണം. ശിവബാബയുടെ കുട്ടിയാണ്, അഥവാ അശാന്തമാണെങ്കിൽ ശിവബാബയുടെ അടുത്ത് വരൂ. ബാബയാണെങ്കിൽ വജ്രമാണ്, ബാബ ഉടൻ നിങ്ങൾക്ക് യുക്തി പറഞ്ഞു തരും- അങ്ങനെ ശാന്തിയുണ്ടാക്കാൻ സാധിക്കുന്നു. ശാന്തിക്കുള്ള മാർഗ്ഗം നൽകും. പെരുമാറ്റം ദൈവീക കുടുംബത്തിലേതല്ലാത്ത തരത്തിലുള്ള ഒരുപാടുപേരുണ്ട്. നിങ്ങളിപ്പോൾ പൂക്കളുടെ ലോകത്തിലേക്ക് പോകാൻ തയ്യാറാവുകയാണ്. ഇത് തന്നെയാണ് മോശമായ ലോകം വേശ്യാലയം, ഇതിനോടാണെങ്കിൽ വെറുപ്പ് വരുന്നു.പുതിയ ലോകത്തിൽ വിശ്വത്തിൽ ശാന്തിയുണ്ടാവും.സംഗമത്തിലുണ്ടാവുക സാധ്യമല്ല. ഇവിടെ ശാന്തമായിരിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. പുരുഷാർത്ഥം ചെയ്യുന്നില്ലായെങ്കിൽ പിന്നെ ശിക്ഷ അനുഭവിക്കേണ്ടി വരും. എന്റെ കൂടെ ധർമ്മരാജനുണ്ടല്ലോ. എപ്പോൾ കർമ്മക്കണക്ക് ഇല്ലാതാക്കുന്നതിന്റെ സമയം വരുന്നോ അപ്പോൾ നന്നായി അനുഭവിക്കും. കർമ്മഭോഗം ഉറപ്പാണ്. രോഗം ഉണ്ടാകുന്നു, അതും കർമ്മഭോഗമാണല്ലോ. ബാബക്കുമുകളിൽ മറ്റാരുമേയില്ല. മനസ്സിലാക്കിത്തരികയാണ്- കുട്ടികളെ പുഷ്പമായി മാറൂ എങ്കിൽ ഉയർന്ന പദവി നേടും. ഇല്ലായെങ്കിൽ ഒരു ഫലവുമില്ല. ഭഗവാനായ അച്ഛനെ ആരാണോ പകുതി കൽപം ഓർമ്മിച്ചത് അവരിൽ നിന്നും സമ്പത്തെടുത്തില്ലായെങ്കിൽ കുട്ടികൾ എന്തിന് കൊള്ളും. പക്ഷെ ഡ്രാമയനുസരിച്ച് ഇതും തീർച്ചയായും സംഭവിക്കണം. അതിനാൽ മനസ്സിലാക്കിക്കൊടുക്കാൻ അനേകം യുക്തികളുണ്ട്. വിശ്വത്തിൽ ശാന്തി സത്യയുഗത്തിൽ, ഈ ലക്ഷ്മീ നാരായണന്റെ രാജ്യത്തിലായിരുന്നു ഉണ്ടായിരുന്നത്. യുദ്ധവും തീർച്ചയായും ഉണ്ടാകും എന്തുകൊണ്ടെന്നാൽ അശാന്തിയാണല്ലോ. പിന്നീട് കൃഷ്ണൻ സത്യയുഗത്തിൽ വരും. പറയുന്നു കലിയുഗത്തിൽ ദേവതകളുടെ നിഴൽ പോലും പതിക്കില്ല. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികൾ തന്നെയാണ് കേട്ടുകൊണ്ടിരിക്കുന്നത്. ശിവബാബ നമ്മെ പഠിപ്പിക്കുകയാണെന്ന് നിങ്ങൾക്കറിയാം. ധാരണ ചെയ്യണം, മുഴുവൻ ആയുസ്സും വേണ്ടി വരുന്നു. പറയാറുണ്ടല്ലോ - ആയുസ്സു മുഴുവൻ മനസ്സിലാക്കി കൊടുത്തു എന്നിട്ടും മനസ്സിലാക്കുന്നില്ല.

പരിധിയില്ലാത്ത ബാബ പറയുകയാണ് - ആദ്യമാദ്യം മുഖ്യമായ കാര്യം മനസ്സിലാക്കിക്കൊടുക്കൂ - ജ്ഞാനവും ഭക്തിയും വേറെ വേറെ വസ്തുവാണ്. പകുതി കൽപം പകൽ, പകുതി കൽപം രാത്രിയാണ്. ശാസ്ത്രങ്ങളിൽ കൽപത്തിന്റെ ആയുസ്സ് തന്നെ തലതിരിച്ച് എഴുതിയിരിക്കുന്നു. അതിനാൽ പകുതി പകുതിയും ആവാൻ സാധിക്കില്ല. നിങ്ങളിൽ ആരും ശാസ്ത്രം മുതലായവ പഠിച്ചവരില്ലായെങ്കിൽ നല്ലതാണ്. പഠിച്ചവരാണെങ്കിൽ സംശയം ചോദിക്കും, ചോദ്യം ചോദിച്ചുകൊണ്ടേയിരിക്കും. വാസ്തവത്തിൽ എപ്പോഴാണോ വാനപ്രസ്ഥ അവസ്ഥ ഉണ്ടാവുന്നത് അപ്പോൾ മറ്റുള്ളവരുടെ അഭിപ്രായം അനുസരിച്ച് ഭഗവാനെ ഓർമ്മിക്കുന്നു. പിന്നെ ഗുരുവിനെപ്പോലെ പഠിപ്പിക്കും. ഭക്തിയും പഠിപ്പിക്കുന്നു. ഭക്തി പഠിപ്പിക്കാത്ത ആരും തന്നെയില്ല. അവരിൽ ഭക്തിയുടെ ബലമുണ്ട് അതുകൊണ്ടാണ് ഇത്രയും ഫോളോവേഴ്സ് ഉണ്ടാകുന്നത്. ഫോളോവേഴ്സിനെ ഭക്തപൂജാരിയെന്ന് പറയും. ഇവിടെ എല്ലാവരും പൂജാരിയാണ്. അവിടെ ഒരു പൂജാരിയും ഉണ്ടായിരിക്കില്ല. ഭഗവാൻ ഒരിക്കലും പൂജാരിയാവുന്നില്ല. അനേക പോയിന്റുകൾ മനസ്സിലാക്കിത്തരുന്നു, പതുക്കെപ്പതുക്കെ നിങ്ങൾ കുട്ടികളിലും ശക്തി വരും.

ഇപ്പോൾ നിങ്ങൾ പറയൂ കൃഷ്ണൻ വരാൻപോകുന്നു. സത്യയുഗത്തിൽ തീർച്ചയായും കൃഷ്ണൻ ഉണ്ടാകും. ഇല്ലായെങ്കിൽ ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും എങ്ങനെ ആവർത്തിക്കും. കേവലം ഒരു കൃഷ്ണൻ മാത്രമായിരിക്കില്ല, എങ്ങനെയാണോ രാജാവും റാണിയും അങ്ങനെയായിരിക്കുമല്ലോ പ്രജയും. ഇതിലും ബുദ്ധിയുടെ കാര്യമുണ്ട്. നമ്മൾ ബാബയുടെ കുട്ടികളാണെന്ന് നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു. ബാബ സമ്പത്ത് തരാൻ വന്നിരിക്കുകയാണ്. സ്വർഗ്ഗത്തിൽ എല്ലാവരുമൊന്നും വരില്ല. ത്രേതായിലും എല്ലാവർക്കും വരാൻ സാധിക്കില്ല. വൃക്ഷം പതുക്കപ്പതുക്കെ വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും. മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷമാണ്. അവിടെ ആത്മാക്കളുടെ വൃക്ഷമാണ്. ഇവിടെ ബ്രഹ്മാവിലൂടെ സ്ഥാപന, പിന്നീട് ശങ്കരനിലൂടെ വിനാശം പിന്നീട് പാലന....... വാക്കുകളും ഈ നിയമമനുസരിച്ച് പറയണം. കുട്ടികളുടെ ബുദ്ധിയിൽ ഈ ലഹരിയാണ്, ഈ സൃഷ്ടി ചക്രം എങ്ങനെ കറങ്ങുന്നു. രചന എങ്ങനെ ഉണ്ടാകുന്നു. ഇപ്പോൾ പുതിയ ചെറിയ രചനയാണല്ലോ. ഇത് കുട്ടിക്കരണം മറിയുന്നതു പോലെയാണ്. ആദ്യം അനേകം ശൂദ്രന്മാർ, പിന്നീട് ബാബ വന്ന് രചന രചിക്കുന്നു- ബ്രഹ്മാവിലൂടെ ബ്രാഹ്മണരുടെ. ബ്രാഹ്മണർക്ക് കുടുമയുണ്ടാകുന്നു. കുടുമയും കാലും പരസ്പരം കണ്ടുമുട്ടുന്നു ആദ്യം ബ്രാഹ്മണർ വേണം. ബ്രാഹ്മണരുടെ യുഗം വളരെ ചെറുതാണ്. പിറകെ ദേവതകൾ. ഈ വർണ്ണങ്ങളുടെ ചിത്രവും പ്രയോജനമുള്ളതാണ്. ഈ ചിത്രം മനസ്സിലാക്കിക്കൊടുക്കാൻ വളരെ എളുപ്പമാണ്. വൈവിദ്ധ്യരായ മനുഷ്യരുടെ വൈവിദ്ധ്യ രൂപമാണ്. മനസ്സിലാക്കിക്കൊടുക്കുന്നതിൽ എത്ര ആനന്ദമാണ് ലഭിക്കുന്നത്. ബ്രാഹ്മണർ എപ്പോഴുണ്ടോ അപ്പോൾ എല്ലാ ധർമ്മവുമുണ്ട്. ശൂദ്രന്മാരിൽ നിന്നും ബ്രാഹ്മണരുടെ തൈ നടുന്നു. മനുഷ്യർ വൃക്ഷത്തിന്റെ തൈ നടുന്നു. ബാബയും വിശ്വത്തിൽ ശാന്തിയുണ്ടാകുന്നതിനായി തൈ നടുന്നു ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യസാരം-**

1. നമ്മൾ ഈശ്വരീയ സന്താനങ്ങളാണെന്ന് സദാ സ്മൃതിയുണ്ടായിരിക്കണം. നമ്മൾ പാലുപോലെയായിരിക്കണം. ആർക്കും ദുഖം നൽകരുത്.

2. ഉള്ളിൽ തന്റെ പരിശോധന ചെയ്യണം നമ്മളിൽ നിന്ന് ഒരു വികർമ്മവും ഉണ്ടാകുന്നില്ലല്ലോ. അശാന്തമാകുന്നതിന്റെയോ അതുപോലെ അശാന്തി പരത്തുന്നതിന്റെയോ ശീലമൊന്നും ഇല്ലല്ലോ?

## വരദാനം-പവിത്രതയുടെ ശക്തിയിലൂടെ സദാ സുഖത്തിന്റെ ലോകത്ത് ജീവിക്കുന്ന ദുഃഖമില്ലാത്ത ചക്രവർത്തിയായി ഭവിക്കട്ടെ.

പവിത്രതയാണ് സുഖ-ശാന്തിയുടെ ഫൗണ്ടേഷൻ. ഏത് കുട്ടികളാണോ മനസ്സ്, വാക്ക്, കർമ്മം ഈ മൂന്നിലും പവിത്രമായി മാറുന്നത് അവർ തന്നെയാണ് ഏറ്റവും ഉയർന്നതും, വളരെ പവിത്രവുമായി മാറുന്നത്. എവിടെയാണോ പവിത്രതയുടെ ശക്തിയുള്ളത് അവിടെ സുഖവും ശാന്തിയും സ്വതവേ ഉണ്ടാകുന്നു. പവിത്രത സുഖ-ശാന്തിയുടെ മാതാവാണ്. പവിത്ര ആത്മാക്കൾ ഒരിക്കലും ഉദാസീനരാകില്ല. അവർ ദുഃഖമി

ല്ലാത്ത രാജ്യത്തെ ചക്രവർത്തിമാരാകുന്നു. അവരുടെ കിരീടം വേറിട്ട അവസ്ഥയും സിംഹാസനം ഏവർക്കും പ്രിയപ്പെട്ട സ്ഥിതിയുമായിരിക്കും. പ്രകാശകിരീടമാണ് പവിത്രതയുടെ അടയാളം.

**സ്ലോഗൻ– ഞാൻ ആത്മാവാണ്, ശരീരമല്ല... ഈ ചിന്തനം ചെയ്യുന്നതുതന്നെയാണ് സ്വചിന്തനം.**

**അവ്യക്തസൂചന–ഇപ്പോൾ സ്നേഹത്തിന്റെ അഗ്നിയെ ജ്വലിപ്പിച്ച് യോഗത്തെ ജ്വാലാസ്വരൂപമാക്കി മാറ്റൂ**
പവർഫുൾ യോഗമെന്നാൽ സ്നേഹത്തിന്റെ അഗ്നിയാണ്. ജ്വാലാരൂപത്തിലുള്ള ഓർമ്മയിലൂടെ ചതി, അക്രമങ്ങൾ എന്നിവയുടെ അഗ്നിയെ സമാപ്തമാക്കി സർവ്വ ആത്മാക്കൾക്കും സഹയോഗം നൽകുന്നു. ഇതിലൂടെതന്നെയാണ് പരിധിയില്ലാത്ത വൈരാഗ്യവൃത്തി പ്രജ്വലിതമാകുന്നത്. ഓർമ്മയുടെ അഗ്നി ഒരുവശത്ത് ആ അഗ്നിയെ സമാപ്തമാക്കുകയും മറുവശത്ത് ആത്മാക്കൾക്ക് പരമാത്മാ സന്ദേശത്തിന്റെ ശീതളസ്വരൂപത്തിന്റെ അനുഭൂതി ചെയ്യിക്കുകയും ചെയ്യുന്നു ഇതിലൂടെതന്നെയാണ് ആത്മാക്കൾക്ക് പാപത്തിന്റെ അഗ്നിയിൽനിന്നും മുക്തമാകാൻ കഴിയുക.